**<u>ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>**
**ഹാജർ: വി.പി.സുരേഷ്കുമാർ**

ക്ഷീരവികസന വകുപ്പ്- കേരളാകോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന്റെയും മേഖലായൂണിയനുകളിലേയും ചെയർമാൻമാരുടെയുംഭരണസമിതി അംഗങ്ങളുടെയും ഓണറേറിയവും സിറ്റിംഗ്ഫീസും, മൈലേജ് അലവൻസും വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

---

**ക്ഷീരവികസന വകുപ്പ്, തിരുവനന്തപുരം**

DDDKER/2073/2021-C1 30.09.2021

---

പരാമർശം:-

1. കേരളാ കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ മാനേജിംഗ്ഡയറക്ടറുടെ 23/4/2021-ലെഎം പി&ഐ/167/2021/1036 നമ്പർ കത്ത്
2. കേരളാ കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ മാനേജിംഗ്ഡയറക്ടറുടെ24/08/2021 - ലെകെ.സി.എം.എം.എഫ്/(പി&ഐ)/167/2021/2479 നമ്പർകത്ത്
3. ക്ഷീര വികസന വകുപ്പ് ഡയറക്ടറുടെ 30.09.2021 ലെ സർക്കുലർ നമ്പർ 32/2021

**<u>ഉത്തരവ്</u>**

കേരളാകോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന്റെയും മേഖലായൂണിയനുകളിലേയും ചെയർമാന്മാരുടെ ഓണറേറിയവും ഭരണ സമിതിയംഗങ്ങളുടെ സിറ്റിംഗ്ഫീസുംവർദ്ധിപ്പിക്കുന്നതിന്, കാലാകാലങ്ങളായി പ്രതിനിധി കൾ ഡയറക്ടറുടെ പക്കൽ ആവശ്യംഉന്നയിച്ചിട്ടുള്ളതാണ്. പ്രാഥമിക ക്ഷീര സഹകരണ സംഘംപ്രതിനിധികളുടെ ഈ ഇനത്തിലുള്ള ആനുകൂല്യങ്ങൾ പരാമർശം (3) പ്രകാരം വർധിപ്പിച്ചിട്ടുമുണ്ട്. ടിസാഹചര്യത്തിൽഫെഡറേഷൻ ചെയർമാന്റെ നിലവിലുള്ള ഓണറേറിയം പ്രതിമാസം 37,500/- രൂപയിൽ നിന്നും 46800/-രൂപയായി വർദ്ധിപ്പിക്കുന്നതും മേഖലാ യൂണിയനുകളുടെ ചെയർമാന്മാരുടെ ഓണറേറിയം നിലവിലുള്ള 26,250/- രൂപയിൽ നിന്നും 32800/-രൂപയായി വർദ്ധിപ്പിക്കുന്നതും ഫെഡറേഷന്റെ ഭരണസമിതി അംഗങ്ങളുടെ നിലവിലുള്ള സിറ്റിംഗ് ഫീസ് 1500/- രൂപ യിൽനിന്നും 1875/-രൂപയായി വർദ്ധിപ്പിക്കുന്നതും മേഖലാ യൂണിയനുകളുടെ ഭരണസമിതി അംഗങ്ങളുടെ നിലവിലുള്ള സിറ്റിംഗ് ഫീസ് 1325/- രൂപയിൽ നിന്നും1650/- രൂപയായി വർദ്ധിപ്പിക്കുന്നതുംഉചിതമായിരിക്കും എന്ന് കാണുന്നു.

കേരളാ കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനിലേയും, മേഖലാ യൂണിയനുകളിലേയും ഭരണ സമിതിയംഗങ്ങളുടെഔദ്യോഗിക യാത്രയ്ക്കുള്ള മൈലേജ് അലവൻസ് പെട്രോൾ,ഡീസൽ വില വർദ്ധിക്കുന്ന സാഹചര്യത്തില് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഫെഡറേഷന്റെ 30/06/2021-ൽ കൂടിയ 335-മത് ഭരണസമിതിയുടെ 3200 നം. തീരുമാനം ഉൾപ്പെടെ കേരളാ കോപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ മാനേജിംഗ് ഡയറക്ടർ അപേക്ഷിച്ചിട്ടുണ്ട്.
നിലവിൽ കേരളാ കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനിലേയും, മേഖല

യൂണിയനുകളിലേയും ഭരണസമിതി അംഗങ്ങൾക്ക് ഔദ്യോഗിക യാത്രകൾക്ക് സ്ഥാപനത്തിലെ ഗ്രേഡ് 1 ജീവനക്കാരന് അർഹതപ്പെട്ട നിരക്കിലുള്ള യാത്രബത്തയും ദിനബത്തയുമാണ് നൽകി വരുന്നത് എന്നും, ഇത് പ്രകാരം ഭരണസമിതി അംഗങ്ങളുടെ ഔദ്യോഗിക യാത്രകൾക്ക്ഒന്നാംക്ലാസ് എസി ട്രെയിൻ നിരക്കോ തത്തുല്യമായ നിരക്കോ അല്ലെങ്കിൽ കിലോമീറ്ററിന് 9/- രൂപ മൈലേജ് അലവൻസോ ആണ് നൽകി വരുന്നത് എന്നും, മൈലേജ് അലവൻസായി നൽകി വരുന്ന കിലോമീറ്ററിന് 9/- രൂപ എന്ന നിരക്ക് , നിലവിലെ ടാക്സി വാടകയുമായി കണക്കാക്കുമ്പോൾ തികച്ചും അപര്യാപ്തമാണെന്നും, ആയതിനാൽ ഭരണ സമിതി അംഗങ്ങളുടെ ഔദ്യോഗിക യാത്രകൾക്ക് സ്വന്തം/ടാക്സി വാഹനങ്ങൾക്ക് കിലോമീറ്ററിന് 15/- രൂപയോ യഥാർത്ഥ വാടകയോ ഏതാണോ കുറവ് അത് 01/04/2021 മുതൽ നിശ്ചയിക്കുന്നതിനും, രജിസ്ട്രാറുടെ അംഗീകാരത്തിനനുസൃതമായി വർദ്ധിപ്പിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും, പരാമർശം (1),(2) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

<u>ഉത്തരവ്</u>

മേൽ സാഹചര്യത്തിൽ, കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ചെയർമാന്റെ ഓണറേറിയം 46800/- രൂപയായും (നാല്പത്തിആറായിരത്തി എണ്ണൂറു രൂപ മാത്രം ), മേഖലാ യൂണിയനുകളിലെ ചെയർമാൻമാരുടെ ഓണറേറിയം 32800/- രൂപയായും (മുപ്പത്തിരണ്ടായിരത്തി എണ്ണൂറു രൂപ മാത്രം), കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ഭരണസമിതി അംഗങ്ങളുടെ സിറ്റിംഗ് ഫീസ് 1875/- രൂപയായും (ആയിരത്തി എണ്ണൂറ്റി എഴുപത്തിയഞ്ചു രൂപ മാത്രം), മേഖലാ യൂണിയനുകളുടെ ഭരണസമിതി അംഗങ്ങളുടെ സിറ്റിംഗ് ഫീസ് 1650/- രൂപയായും (ആയിരത്തി അറുന്നൂറ്റി അമ്പതു രൂപ മാത്രം ) വർദ്ധിപ്പിച്ചും, കേരളാ കോപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനിലേയും, മേഖലാ യൂണിയനുകളിലെ ഭരണസമിതിയംഗങ്ങളുടെ ഔദ്യോഗിക യാത്രയ്ക്കുള്ള മൈലേജ് അലവൻസ് സ്വന്തം / ടാക്സി വാഹനങ്ങൾക്ക് കിലോമീറ്ററിന് 15/- രൂപയോ (പതിനഞ്ചു രൂപ മാത്രം) യഥാർത്ഥ വാടകയോ ഏതാണോ കുറവ് എന്നതാക്കി വർദ്ധിപ്പിച്ചും ഇതിനാൽ ഉത്തരവാകുന്നു.

മേൽ ഉത്തരവിന് 01/04/2021 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

Signature valid
Digitally signed by V [illegible] SURESHKUMAR
Date: 2021.10.0[illegible]9:05 IST
Reason: Approved

ഡയറക്ടർ(i/c)/രജിസ്ട്രാർ
ക്ഷീരസഹകരണ സംഘം

To

1. മാനേജിംഗ് ഡയറക്ടർ, കേരളാ കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ
2. മാനേജിംഗ് ഡയറക്ടർ, തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ
3. മാനേജിംഗ് ഡയറക്ടർ, എറണാകുളം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ
4. മാനേജിംഗ് ഡയറക്ടർ, മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ

പകർപ്പ്:-

1) ചെയർമാൻ, കേരളാ കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ
2) ചെയർമാൻ, തിരുവനന്തപുരം മേഖലാ

സഹകരണക്ഷീരോല്പാദകയൂണിയൻ/
എറണാകുളംമേഖലാ സഹകരണ ക്ഷീരോല്പാദക
യൂണിയൻ/ മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക
യൂണിയൻ

3) ഡെപ്യൂട്ടി ഡയറക്ടർ/കൺകറന്റ് ഓഡിറ്റർ, കേരളാ കോ-ഓപ്പറേറ്റീവ് മിൽക്ക്മാർക്കറ്റിംഗ് ഫെഡറേഷൻ
4) അസിസ്റ്റന്റ് ഡയറക്ടർ/കൺകറന്റ് ഓഡിറ്റർ, തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോല്പാദകയൂണിയൻ/ എറണാകുളം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ/ മലബാർ മേഖലാ സഹകരണക്ഷീരോല്പാദക യൂണിയൻ
5) ജോയിന്റ് ഡയറക്ടർ (ജനറൽ), ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ)
6) ഗവൺമെന്റ് നോമിനികൾ, തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ/ എറണാകുളം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ/ മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ
7) ഡയറക്ടറുടെ സി.എ
8) സി, ഡി, ജി സെക്ഷൻ സൂപ്രണ്ടുമാർക്ക്
9) സി1, സി3, ജി1, ജി2 സീറ്റുകൾ
10) സിസ്റ്റം അഡ്മിനിസ്ട്രേറ്റർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
11) സ്റ്റോക്ക് ഫയൽ
12) ഫയൽ കോപ്പി.